**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 336/2026**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

1934 -ൽ രൂപീകൃതമായ നമ്മുടെ സഭാ ഭരണഘടനയിൽ അന്നുമുതൽ ഇന്നുവരെയും കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുള്ളതാണ്. 2011 -ന് ശേഷം ഈ ഭരണഘടനയിൽ ഭേദഗതികൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. സഭാ ഭരണഘടനയിലെ 126, 127 വകുപ്പുകൾ അനുസരിച്ച്, 2022 ഡിസംബർ മാസം 6-ാം തീയതിലെ നമ്മുടെ MOSC/CMM/406/2022 -ാം നമ്പർ കൽപനപ്രകാരം രൂപീകരിക്കപ്പെട്ട റൂൾ കമ്മറ്റി, ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 15.04.2026 -ലും, 30.09.2026 -ലും കൂടിയ സഭാ മാനേജിംഗ് കമ്മറ്റി യോഗങ്ങളിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആയത് സംബന്ധിച്ച് പ്രിയപ്പെട്ട സഭാമക്കൾക്കുള്ള അഭിപ്രായങ്ങൾ കൂടി അറിയുന്നതിന് നാം താത്പര്യപ്പെടുന്നു.

ഭരണഘടനാ ഭേദഗതി സംബന്ധിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ അസ്സോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി. ഒ, മുട്ടമ്പലം, കോട്ടയം - 686004 എന്ന വിലാസത്തിൽ തപാലിലോ, catholicateoffice@mosc.in എന്ന ഇ-മെയിൽ വിലാസത്തിലോ അയയ്ക്കാവുന്നതാണ്. ഭേദഗതി നിർദ്ദേശങ്ങൾ അയയ്ക്കുമ്പോൾ ഭരണഘടനയിലെ ഏത് വകുപ്പിനാണ് ഭേദഗതി നിർദ്ദേശിക്കുന്നത് എന്നത് വ്യക്തമാക്കുകയും, ഭേദഗതി വരുത്തുമ്പോൾ പ്രസ്തുത വകുപ്പ് ഏത് രൂപത്തിലായിരിക്കണം എന്ന് കൃത്യമായി രേഖപ്പെടുത്തുകയും, എന്തുകൊണ്ട് ഭേദഗതി നിർദ്ദേശിക്കുന്നു എന്നുള്ളത് ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കുകയും ചെയ്യേണ്ടതാണ്.

ഭേദഗതി നിർദ്ദേശങ്ങൾ 2026 ഡിസംബർ 31-ന് മുമ്പായി മേൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതുമാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2026 ഒക്ടോബർ മാസം 06-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.